(ബി) ഇതു പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; ഈ ഭാഗത്തെ വോൾട്ടേജ് ക്ഷാമം എന്നത്തേക്ക് പരിഹരിക്കുന്നതിന് കഴിയും?

ഉത്തരം

(എ, ബി) ഉണ്ട്. പൊറാശ്ശേരി-ചേന്ദമംഗലൂർ ഹൈസ്ക്കൂൾ റോഡ് ഭാഗത്ത് സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുന്നതിന് 84,815 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഉടനെ തുടങ്ങി, ആറ് മാസത്തിനകം തീർത്ത്, പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മിനിമം ഗ്യാരൻറിയിൽ വൈദ്യുതി കണക്ഷൻ നൽകുന്ന നടപടി

43 [2032] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ മിനിമം ഗ്യാരൻറിയിൽ വൈദ്യുതി കണക്ഷൻ നൽകാൻ ബാക്കിയുള്ള പ്രദേശങ്ങൾ ഉണ്ടോ:

(ബി) എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ കണക്ഷനുകൾ നൽകുന്നതിനുള്ള കാലതാമസത്തിൻറെ കാരണം വ്യക്തമാക്കാമോ:

(ഡി) ഈ പ്രദേശങ്ങൾ എന്നത്തേക്ക് വൈദ്യുതീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എളമ്പ്ര-പയ്യനാട്, പുൽപ്പറ, പുന്നക്കോട്-പാലശ്ശേരിക്കുന്ന്, പാലക്കാട്-തൃപ്പനച്ചി, പാലക്കാട്.

(സി) സാധനസാമഗ്രികളുടെ ലഭ്യതക്കുറവാണ് കാലതാമസത്തിന് കാരണമായിട്ടുള്ളത്.

(ഡി) ഒരു വർഷത്തിനകം പണികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മലപ്പുറം ജില്ലയിൽ പോൾ കാസ്റ്റിംഗ് യൂണിറ്റ്

44 [2033] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി:
,, നാലകത്ത് സൂപ്പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പോസ്റ്റുകൾ ഇല്ലാത്തതിനാൽ കണക്ഷൻ വൈകുന്നത് സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ മലപ്പുറം ജില്ലയിൽ പോൾ കാസ്റ്റിംഗ് യൂണിറ്റ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ മലപ്പുറം ജില്ലയ്ക്കാവശ്യമായ പോസ്റ്റുകൾ എത്തിക്കുന്നത് എവിടെ നിന്നാണെന്ന് പറയാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) മഞ്ചേരി സർക്കിളിലേക്ക് 2005-06 മുതൽ 5 വർഷത്തേക്ക് ആവശ്യമായ വിവിധ ഇനം പോസ്റ്റുകൾ, ജില്ലയ്ക്കുള്ളിൽ തന്നെ യാർഡ് സ്ഥാപിച്ച് ലഭ്യമാക്കുന്നതിലേക്കുള്ള ഓർഡർ നൽകി കഴിഞ്ഞു. പ്രസ്തുത പോൾ കാസ്റ്റിംഗ് യാർഡിന്റെ നിർമ്മാണ പ്രവർത്തനം ധൃതഗതിയിൽ നടന്നുവരുന്നു. കൂടാതെ രാമനാട്ടുകരയിലുള്ള പോൾ കാസ്റ്റിംഗ് യാർഡിൽ നിന്നും പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ഓർഡർ നൽകിയിട്ടുണ്ട്. തിരൂർ സർക്കിളിലേക്ക് 2005-06 മുതൽ 5 വർഷത്തേക്ക് ആവശ്യമായ പോസ്റ്റുകൾ യാർഡ് സ്ഥാപിച്ച് ലഭ്യമാക്കുന്നതിലേക്കുള്ള ടെണ്ടർ ക്ഷണിക്കുകയും അതിൻമേലുള്ള തുടർനടപടികൾ എടുത്തു വരുകയും ചെയ്യുന്നു.

(ഡി) വാളയാർ, രാമനാട്ടുകര, ഗുണ്ടൽപ്പേട്ട്.

നെടുവത്തൂർ നിയോജക മണ്ഡലത്തിലെ ഇലക്ട്രിക് വർക്കുകൾ

45 [2034] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ.-യുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിലേക്ക് കൊട്ടാരക്കര ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് ഇലക്ട്രിക് വർക്കുകളുടെ പ്രപ്പോസൽ ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഏതൊക്കെ പ്രപ്പോസലുകൾ ഏത് തീയതികളിൽ ലഭിച്ചു എന്ന് പ്രവർത്തികളുടെ എണ്ണം സഹിതം പ്രത്യേകമായി വെളിപ്പെടുത്തുമോ;

(സി) പ്രപ്പോസലുകൾ അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയുണ്ടായോ;

(ഡി) എങ്കിൽ പ്രപ്പോസൽ ആഫീസിൽ ലഭിച്ച തീയതി, എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയ തീയതി എന്നിവ പ്രത്യേകമായി ലഭ്യമാക്കുമോ;

(ഇ) ഏതൊക്കെ പ്രവർത്തികൾക്ക് ഭരണാനുമതി ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഭരണാനുമതി ലഭിച്ച പ്രവർത്തികളുടെ തുക ബോർഡിന് ലഭിക്കുക ഉണ്ടായോ;

(ജി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ബോർഡിന് ലഭിച്ച തുകകൊണ്ട് പ്രവർത്തികൾ നടപ്പാക്കുകയുണ്ടായോ;

(ഐ) എം. എൽ. എ.-മാരുടെ പ്രത്യേക വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രവർത്തികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly